# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.811** **30.11.2018-ൽ മറുപടിയ്ക്ക്**

### പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള തൊഴിൽ ലഭ്യത

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.പി. ഉണ്ണി** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | 1) പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ഉൾപ്പെടെ തൊഴിൽ ലഭ്യമാക്കുന്നതിന് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ സർക്കാർ ഏജൻസികൾ മുഖേന നടത്തി വരുന്നു.<br>2) യുവതീയുവാക്കൾക്ക് Oil & Rig മേഖലയിലും ഹോട്ടൽമാനേജ്മെൻറ് മേഖലയിലും നഴ്സിംഗ് മേഖലയിലും പരിശീലനം നൽകി വിദേശത്ത് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>3) സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവജനങ്ങൾക്ക് സംരംഭകരുടെ പരിശീലനവും പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി റിവോൾവിംഗ് ഫണ്ടും അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>4) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വകുപ്പ മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>5) പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>6) വിദേശത്ത് തൊഴിൽ തേടി പോകുന്ന പട്ടികജാതി യുവജനങ്ങൾക്ക് ഒരു ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു.<br>7) എസ്.സി.എ റ്റു എസ്.സി.എസ്.പി പദ്ധതി പ്രകാരം കാർഷിക കാർഷികേതര മേഖലയിൽ നിരവധിപേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം പരിശീലന പരിപാടികളാണ് ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നത്; | (ബി) | അനുബന്ധമായി I ചേർക്കുന്നു |

| | | | |
|---|---|---|---|
| (സി) | പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. പട്ടികജാതി വിഭാഗക്കാരായ യുവജനങ്ങൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ഒരു ലക്ഷം രൂപ വായ്പയും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു ലക്ഷം രൂപ സബ്സിഡിയും സംയോജിപ്പിച്ച് ആകെ 2.00 ലക്ഷം രൂപ അനുവദിക്കുന്ന വിദേശ തൊഴിൽ വായ്പ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ 100 പേർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 100.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇപ്രകാരം വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ വായ്പ പദ്ധതിയിൽ പങ്കാളികളാകുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) അപേക്ഷകരുടെ കുടുംബവാർഷിക വരുമാന പരിധി 3,50,000/- രൂപയായിരിക്കണം.<br>2) പ്രായം 18 നും 50 നും ഇടയ്ക്കായിരിക്കണം.<br>3) വായ്പാ പലിശ നിരക്ക് 6% p.a ആയിരിക്കും.<br>4) വിദേശ തൊഴിൽ സംബന്ധിച്ച് തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച വാഗ്ദാന പത്രിക, തൊഴിൽ കരാർ, വിസ, പാസ് പോർട്ട് എന്നിവയുടെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>5) വിദേശത്ത് പോകുന്നതിനുള്ള വിമാന യാത്രാചെലവ്, മറ്റ് അനുബന്ധ ചെലവുകൾ, വിസ സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി തുക വിനിയോഗിക്കാവുന്നതാണ്.<br>6) അർഹരായ അപേക്ഷകർക്ക് വിദേശത്ത് അനുയോജ്യമായ തൊഴിൽ നേടുന്നതിനായി NORKA ROOTS, ODEPC എന്നീ സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതാണ്.<br>7) കോർപ്പറേഷൻ ജില്ലാ മാനേജരും, ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്തമായി അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്.<br>മറ്റു സ്ഥാപനങ്ങൾ ഒന്നും ഈ വായ്പാ പദ്ധതിയിൽ പങ്കാളികൾ ആകുന്നില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

## പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽദായക പരിശീലന പരിപാടികൾ

1. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹൗസ് കീപ്പിംഗ് (അറ്റൻഡന്റ്)
2. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവീസസ് (ട്രെയിനി)
3. ഡിപ്ലോമ ഇൻ റ്റൂൾ ആന്റ് ഡൈ മേക്കിംഗ്
4. ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് എൻജിനീയറിംഗ്
5. ഡിപ്ലോമ ഇൻ കംപ്യൂട്ടർ എൻജിനീയറിംഗ്
6. ഡിപ്ലോമ ഇൻ മെക്കാട്രോണിക്സ്
7. ചുവർ ചിത്രരചനയിലും ഗ്ലാസ്സ് പെയിന്റിംഗിലും താല്പര്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ്
8. IELTS/ TOEFL
9. അഡ്വാൻസ്ഡ് ഇംഗ്ലീഷ് ലാംഗ്വേജ് ട്രെയിനിംഗ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഫോർ എസ്.സി വുമൺ
10. പ്രാക്ടിക്കൽ ഓറിയന്റഡ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ അഡ്വാൻസ്ഡ് ഓട്ടോമൊബൈൽ എൻജിനീയറിംഗ്
11. പ്ലാസ്റ്റിക് പ്രോഡക്ട് മാനുഫാക്ചറിംഗ്
12. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ്
13. നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം
14. IELTS ട്രെയിനിംഗ് പ്രോഗ്രാം
15. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി സ്കിൽസ് കോഴ്സ് ഫോർ എസ്.സി വുമൺ
16. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഫാബ്രികേറ്റർ/ഫിറ്റർ (3 മാസം)
17. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ (3 മാസം)
18. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്
19. ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി
20. ഡിപ്ലോമ ഇൻ പഞ്ചകർമ്മ
21. സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഓൺ ഓർഗാനിക് ഗ്രോവർ
22. സർട്ടിഫിക്കറ്റ് ഇൻ ഗ്രാഫിക്സ് & വെബ് ഡിസൈനിംഗ് (4 മാസം)
23. സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് & ഫിനാൻഷ്യൽ സർവീസ് (2 മാസം)
24. ഇന്റേൺഷിപ്പ് സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസ് (ഒരു മാസം)
25. സ്പോർട്സ് ഫിസിയോതെറാപ്പി
26. ഫിറ്റ്നസ് ട്രെയിനർ/ ഇൻസ്ട്രക്ടർ
27. സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ
28. സ്കിൽ ട്രെയിനിംഗ് ഇൻ സിസിറ്റിവി ടെക്നീഷ്യൻ കോഴ്സ്
29. B.Voc പ്രോഗ്രാം ഇൻ അപ്പാരൽ ഫാഷൻ ടെക്സ്റ്റൈയിൽസ്.
30. സ്കിൽ ട്രെയിനിംഗ് ഫോർ ടെക്നീഷ്യൻ ഇൻ കമ്പ്യൂട്ടിംഗ് പെരിഫറൽസ്
31. സെയിൽസ് എക്സിക്യൂട്ടീവ് അറ്റ് അട്ടോമോട്ടീവ് ഡീലർഷിപ്പ്
32. ഡിപ്ലോമ ഇൻ പേഷ്യന്റ് കെയർ മാനേജ്മെന്റ്
33. ഡിപ്ലോമ ഇൻ ജെറിയാട്രിക് കെയർ
34. സോളർ ഇൻസ്റ്റാലേഷൻ & റിപ്പയറിംഗ് ടെക്നീഷ്യൻ
35. ഫീൽഡ് ടെക്നീഷ്യൻ ഇൻ എയർ കണ്ടീഷൻ

സെക്ഷൻ ഓഫീസർ